ടീച്ചേഴ്സ് ട്രെയിനിംഗ്

307. [47] ശ്രീ. എൻ. ജി. ചാക്കോ : തഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) അണ്ടർഗ്രാഡുവേറ്റ് ടീച്ചേഴ്സ് ട്രെയിനിംഗിന് ഈ വർഷം എത്ര വിദ്യാർത്ഥീവിദ്യാർത്ഥിനികളെ തെരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) ഈ തെരഞ്ഞെടുപ്പു സംബന്ധിച്ച് ധാരാളം പരാതി ജനങ്ങളുടെ ഇടയിൽ ഉള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) 3502.

(ബി) ഈ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പൊതുവേയി പരാതികളും മറ്റും ഉണ്ടായിട്ടില്ല. എന്നാൽ മൂന്നു ട്രെയിനിംഗ് സ്കൂളുകളിലേക്ക് തെരഞ്ഞെടുപ്പു നടത്തിയതിനെ സംബന്ധിച്ച് ചില പരാതികളും ഉണ്ടായിട്ടുണ്ട്. അവയെപ്പറ്റി വിദ്യാഭ്യാസഡയറക്ടർ വേണ്ട അന്വേഷണം നടത്തിവരുന്നു.

1955 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷ.

308. [43] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മാർച്ചിൽ നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികളും ചേർന്നിരുന്നു

(ബി) എത്രപേർ പാസ്സായി ;

(സി) അവരിൽ എത്രപേർ സ്റ്റേറ്റിലെ ഗവണ്മെൻറ് കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും ചേർന്നിട്ടുണ്ട് ?

ഉത്തരം.

(എ) 51,532 പേർ.

(ബി) 22,772 പേർ.

(സി) ഗവണ്മെൻറ് കോളേജുകളിൽ 1029 പേരും, പ്രൈവറ്റ് കോളേജുകളിൽ 6,594 പേരും ചേർന്നിട്ടുണ്ട്.

ഇൻഡസ്ട്രിയൽ ട്രെയ്നിങ്.

309. [45] ശ്രീ. പി. രാമ്മൂരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തെ തൊഴിൽത്തക്കകോടതിയിൽ ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴത്തെ നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി തൊഴിൽത്തർക്കകേസുകൾ അസാധാരണമായ കാലവിളംബം കൂടാതെ തീരുമാനിക്കാൻ സംസ്ഥാനത്തു് ഒരു കോടതി മാത്രമുള്ളതു് തിരെ അപര്യാപ്തമെന്നു് പരാതിയില്ലേ;

(സി) കോയം ഡിസ്ട്രിക്ടിലുള്ള കേസുകൾ കോട്ടയത്തുവച്ചു് കോടതിക്കുടി വിസ്തരിക്കുവാൻ ചിലപ്പോഴെങ്കിലും ഇടവരുത്തുന്നതിനു ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ കൂടുന്നതിനു ആവശ്യമായ സ്ഥലസൗകര്യം കോട്ടയത്തു് ഏർപ്പാടുചെയ്യുവാൻ ഗവണ്മെൻറ് ഗൗനിക്കുമോ ?

ഉത്തരം.

(എ) 158 കേസുകൾ നിലവിലുണ്ടു്.

(ബി) ഉണ്ടു്.

(സി) കോട്ടയത്തു് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ കോടതി കൂടുന്നതിനുള്ള സ്ഥലസൗകര്യത്തെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

തിരുവാതിര കളി.

310. [46] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവാതിര കളി ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഏതു വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ടു്;

(ബി) ഏതെല്ലാം സ്കൂളുകളിലാണു് അതു് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നതു്;

(സി) സംസ്ഥാനത്തെ മറ്റു വിദ്യാലയങ്ങളിലും തിരുവാതിര കളി ഏർപ്പെടുത്തുമോ ?

ഉത്തരം.

(എ) മൂന്നുവിദ്യാലയങ്ങളിൽ.

(ബി) 1. കൂട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം.
2. ബാട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം.
3. കത്തിഡ്രൽ തിരുനാൾ ഗേൾസ് ഹൈസ്കൂൾ, മണക്കാടു്, തിരുവനന്തപുരം.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

Channel poramboke.

311 [51] SHRI R. PONNAPPA NADAR: Will the Minister for Revenue be pleased to state :

(*a*) whether any request was made from the Nagercoil Municipality for demarcating the poramboke limits in Channel poramboke by the side of S. Nos. 3017, 3018 etc., of Vadassery pakuthy in 4/1955 and in S. Nos. 1565, 1566 etc., of the same pakuthy during 7/1955 for opening of roads;

LIBRARY ARCHIVES Kerala Legislative Assembly